


***എനിക്കു കുറച്ചു കൂടി കഴിവ് ഉണ്ടായിരുന്നെങ്കിൽ...***
***എനിക്കു കുറച്ചു കൂടി പണം ഉണ്ടായിരുന്നെങ്കിൽ...***
***എനിക്കു കുറച്ചു കൂടി സൗന്ദര്യം ഉണ്ടായിരുന്നെങ്കിൽ...***

മനുഷ്യൻെറ സ്വഭാവവൈവിധ്യത്തെക്കുറിച്ചും വൈശിഷ്ട്യത്തെക്കുറിച്ചും അപഗ്രഥനം ചെയ്തു പഠിച്ചാൽ അവൻെറ ആഗ്രഹങ്ങൾ അതിരുകളില്ലാത്തതാണെന്നു മനസ്സിലാക്കുവാൻ കഴിയും. ജീവിതത്തിൻെറ ഏതു സാഹചര്യത്തിലും സംതൃപ്തരായിരിക്കുവാൻ നമ്മെ ബുദ്ധി ഉപദേശിക്കുന്ന നർമ്മരസമായ ഒരു പാറവെട്ടുകാരൻെറ കഥ നൂറ്റാണ്ടു കൾക്കു മുമ്പു തന്നെ ജപ്പാൻകാരുടെ ഇടയിലുണ്ട്.



ജപ്പാനിൽ ഹോഫർ എന്നു പറയുന്ന ഒരു പാറവെട്ടുകാരൻ ഉണ്ടായിരുന്നു. അയ്യാൾ തന്നെക്കാൾ ശക്തിയോ ശേഷിയോ ഉള്ള എന്തു കണ്ടാലും അതായി ത്തീരണം എന്നാഗ്രഹിച്ചിരുന്നു. ഹോഫർ എല്ലാദിവസവും രാവിലെ തൻെറ കുടിലിൽ നിന്നും പാറ വെട്ടുവാൻ മലമുകളിലേക്കു പോകും. ഒരു ദിവസം താൻ വെട്ടിയെടുത്ത കല്ലുമായി ഒരു ധനികൻെറ വീട്ടിലേക്കു പോയി. കണ്ണഞ്ചിപ്പിക്കുന്ന തായ കൊട്ടാരം കണ്ട് സ്വപ്നത്തി ലെന്ന പോലെ ഹോഫർ നോക്കി നിന്നു. "ആ ധനികനെപ്പോലെ എനി ക്കും ഒരു കൊട്ടാരം ഉണ്ടായിരുന്നെങ്കിൽ" എന്ന് ഹോഫർ അതിയായി ആഗ്രഹിച്ചു.

ഉടനെ മലമുകളിൽ നിന്നും ഒരു അശരീരി കേട്ടു: "നിൻെറ ആഗ്രഹം എന്തുതന്നെ ആയാലും അതു മനസ്സിൽ വിചാരി ക്കുക ഉടൻ ലഭിക്കും". ആരോഗ്യം, സമ്പത്ത്, അധികാരം, പദവി ഇങ്ങനെ ഓരോന്നും മനസ്സിൽ മാറി മാറി വന്നു. ഒടുവിൽ ഹോഫർ ധനികൻെറ കൊട്ടാര ത്തെക്കുറിച്ച് മന സ്സിൽ ഓർത്തപ്പോൾ "നിൻെറ ആഗ്ര ഹം സഫലീകരിച്ചിരിക്കുന്നു" എന്ന് അശരീരി പറഞ്ഞു. ഹോഫർ വളരെ വേഗത്തിൽ വീട്ടിലേയ്ക്ക് ഓടി. വീടിനടുത്തപ്പോൾ തൻെറ ചെറ്റക്കുടിലിനു പകരം വലിയോരു കൊട്ടാരം! താൻ സമൃദ്ധിയുടെ പടവുകൾ ഓരോന്നായി കയ്യടക്കിക്കൊണ്ട് സന്തോഷവാനായി കൊട്ടാരത്തിൽ കഴിഞ്ഞു.

അങ്ങനെയിരിക്കെ ഒരു രാജകുമാരൻ പട്ടാളത്തിൻെറ അകമ്പടിയോടു കൂടെ രാജവീഥിയിലൂടെ രഥത്തിൽ സഞ്ചരിക്കുന്നതു കണ്ടപ്പോൾ ഹോഫ റിന് അസൂയ തോന്നി. ഹോഫർ ഉടനെ ഇങ്ങനെ മനസ്സിൽ വിചാരിച്ചു: "ഞാൻ ആ രാജകുമാരൻ ആയിരുന്നെങ്കിൽ...." ഉടൻ തന്നെ ഹോഫർ തേരിലെ രാജകുമാരനായി.

ഒരു ദിവസം ഹോഫർ തേരിൽ സഞ്ച രിച്ചു കൊണ്ടിരുന്നപ്പോൾ കത്തി ജ്വലിച്ചു കൊണ്ടിരുന്ന സൂര്യൻെറ ഉഗ്രതാപം തല യിൽ തട്ടി. അപ്പോൾ "ഒരു സൂര്യൻ ആയിരുന്നുവെങ്കിൽ" എന്നാഗ്രഹിച്ചു. ഹോഫർ ഒരു സൂര്യനായിത്തീരുകയും വലിയ ശക് തിയോടെ ലോകമെങ്ങും പ്രകാശിച്ച് നഗരത്തിലുള്ള നദികളിലെയും പുഴകളിലെയും വെള്ളമെല്ലാം വറ്റിക്കുകയും സകല വൃക്ഷങ്ങളും സസ്യങ്ങളും ഉണക്കിക്കളയുകയും ചെയ്തു.

പെട്ടെന്ന് തൻെറ ശക്തി ക്ഷയിച്ചു പോയതുപോലെ ഹോഫറിനു തോന്നി. നോക്കിയപ്പോൾ ഒരു വലിയ കാർമേഘം തന്നെ വന്നു മൂടിയിരിക്കുന്നു. അപ്പോൾ ഹോഫർ വിതുമ്പിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: "എനിക്ക് ഒരു കാർമേഘം ആയാൽ മതിയായിരുന്നു". ഹോഫറിൻെറ ആഗ്രഹം സാക്ഷാത്ക്കരിക്കപ്പെടുകയും ഒരു കാർമേ ഘമായി മാറുകയും ചെയ്തു. ഹോഫർ

തനിക്കിഷ്ടമുള്ളിടത്തെല്ലാം സഞ്ചരിച്ച് കാർമേഘത്തെ മഴയാക്കി മാറ്റി. അതിശക്തമായ മഴ തോരാതെ പെയ്തതിനാൽ നദികളും പുഴകളും കരകവിഞ്ഞൊ ഴുകി.

അല്പം അകലെ ഒരു കൂറ്റൻ പാറ നില്പുണ്ടായിരുന്നു. എന്നാൽ പേമാരിക്ക് ആ പാറയിൽ ഒരു പോറൽ പോലും ഏല്പിക്കുവാൻ കഴിഞ്ഞില്ല. അതിദു:ഖിതനായ ഹോഫർ ഒരു പാറയാകുവാൻ ആഗ്രഹി ച്ചു. പാറമയ സൂര്യകിരണങ്ങൾക്ക് ഉണക്കിക്കളയുവാനോ മഴയ്ക്ക് അലിയിച്ചു കളയുവാനോ കഴിയുകയില്ലല്ലോ എന്നു മനസ്സിൽ പറഞ്ഞു. തൽക്ഷണം ഹോഫർ വലിയ ഒരു വലിയ പാറയായി അവിടെ ഉറച്ചു നിന്നു.

അടുത്ത പ്രഭാതത്തിൽ ഹോഫർ ഒരു വലിയ ശബ്ദം കേട്ടു നോക്കിയപ്പോൾ പാറയുടെ അടിവാരത്തിൽ അരോഗദൃഢഗാത്രനായ ഒരാൾ അനായാസമായി പാറ വെട്ടി മുറിച്ചു മാറ്റുന്നു! അപ്പോൾ ഹോഫറിനു മനസ്സിലായി ആ മനുഷ്യ നാണ് പാറയെക്കാൾ ശക്തിമാൻ എന്ന്. "എനിക്ക് ആ മനുഷ്യനായാൽ മതി" എന്നു ഹോഫർ മനസ്സിൽ പറഞ്ഞു. പെട്ടന്ന് മലമുകളിൽ നിന്നും ഒരു അശരീരി കേട്ടു "നീ പണ്ട് ആയിരുന്ന അവസ്ഥയിലേക്കു മടങ്ങി വരിക". ഹോഫർ സസന്തോഷം പഴയ കുടിലിലെ പാറവെട്ടുകാരനായിത്തീർന്നു.



ജപ്പാനിലെ ഈ കഥയിലൂടെ സംതൃ പ്തിയുടെ ഒരു സാർവത്രീക സത്യം നമ്മെ പഠിപ്പിക്കുന്നു: നാം മറ്റുള്ളവരെപ്പോലെ ആകുവാൻ ശ്രമിക്കുന്നതിലൂടെയല്ല, പ്രത്യുത സ്വയസംതൃപ്തിയിലൂടെയും മറ്റുള്ളവരെ അംഗീകരിക്കുന്നതിലൂടെയുമാണ് ജീവിതത്തിൻെറ അർഥം കണ്ടെത്തുവാൻ കഴിയുന്നത്. "ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവീൻ; ഓരോരുത്തൻ സ്വന്തഗുണമല്ല, മറ്റെുള്ളവൻെറ ഗുണവും കൂടെ നോക്കേണം" എന്ന് അപ്പൊസ്തലനായ പൗലോസ് അനുശാസിക്കുന്നു. (ഫിലിപ്പിയർ 2:3).

അതുകൊണ്ട് നാം ആയിരിക്കുന്ന അവസ്ഥയിൽ തുടരണം എന്നർത്ഥമില്ല, എന്നാൽ അത്യാഗ്രഹം പാടില്ല എന്ന പാഠമാണ് ഈ കഥയിലൂടെ നമ്മെ പഠിപ്പിക്കുന്നത്. വളർച്ചയും വികസനവും നമ്മിൽ കുടി കൊള്ളുന്ന ഒരു ഘടകം ആയതിനാൽ നാം വളരുകയും പുരോഗമിക്കുകയും ചെയ്യുന്നതിൽ യാതൊരു തെറ്റും ഇല്ല. അത്യാഗ്രഹം എന്നു പറയുന്നത് മറ്റുള്ളവരുടെ ധനത്തിലും, സ് ഥാനത്തിലും, നേട്ടത്തിലും അവസരങ്ങൾക്കും അധികാരമോഹത്തിനും വേണ്ടിയുള്ള വടംവലിയാണ്.

സമൂഹത്തിലായാലും സ്ഥാപനത്തി ലായാലും സഭയിലായാലും സംതൃപ്തിയുള്ള വ്യക്തികൾ വളരെ വിരളമാണ്. എന്നാൽ നമുക്കു ലഭിക്കുന്നത് എന്തു മാകട്ടെ, അതിൽ സംതൃപ്തി കണ്ടെത്തുവാൻ ഉത്സാഹിക്കുക. ജീവിതത്തിൻെറ ഏതു സാഹചര്യത്തിലും സംതൃപ്തരായിരിക്കുക. ഇതോടുള്ള ബന്ധത്തിൽ പണ്ഡിതവരേണ്യനായ പൗലോസിൻെറ ആപ്തവാക്യം അതീവശ്രദ്ധേയമാണ്: "എല്ലാറ്റിനും സ്ത്രോത്രം ചെയ്യുക, ഇത ല്ലോ, ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള ദൈവേഷ്ടം" (1തെസ്സ.5:18).